ബസ് സ്റ്റോപ്പുകൾ പുനഃക്രമീകരിക്കാൻ നടപടി

16 (2967) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിലും സമീപ പ്രദേശങ്ങളിലും നിലവിലുള്ള ബസ് സ്റ്റോപ്പുകൾ പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സ്പോൺസർ അടിസ്ഥാനത്തിൽ പുതിയ ബസ് സ്റ്റോപ്പുകൾ നിർമ്മിച്ചു വരുന്നുണ്ട്. നഗരസഭാ റോഡ് ട്രാഫിക് കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷം പുനഃക്രമീകരണം ആവശ്യമുള്ളത് ജില്ലാ കളക്ടർ ചെയർമാനായുള്ള ട്രാഫിക് സേഫ്ടി കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപടികൾ തുടരുന്നതാണ്.

ബേപ്പൂരിലെ നിർദ്ദിഷ്ട കോസ്റ്റ് ഗാർഡ് സ്റ്റേഷൻ

17 (2968) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കോസ്റ്റ് ഗാർഡ് സ്റ്റേഷന് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് ഈ ആവശ്യത്തിനായി സർക്കാർ പരിഗണനയിൽ ഉള്ളത് ;

(സി) ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം വേണമെന്നിരിക്കെ തുറമുഖത്തിന്റെ സ്ഥലം ഉപയോഗപ്പെടുത്തുന്നത് തുറമുഖ വികസനത്തിന് പ്രതിബന്ധമാകാൻ ഇടയാകുമെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) റവന്യൂ വകുപ്പിന്റെയും വനംവകുപ്പിന്റെയും അധീനതയിൽ ഉള്ളതും തുറമുഖത്തിന്റെ മറുകരയിൽ ഉള്ളതുമായ സ്ഥലം കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരിഗണിക്കുമോ ;

(ഇ) കോസ്റ്റ് ഗാർഡ് സ്റ്റേഷൻ എന്നേക്ക് നടപ്പാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ-എഫ്) കോസ്റ്റ് ഗാർഡ് ആവശ്യപ്പെട്ടിട്ടുള്ളത് സർക്കാർ അധീനതയിൽ ഫിഷറീസ് പോർട്ട് വകുപ്പുകളുടെ കൈവശമുള്ള ഭൂമിയാണ്. കോസ്റ്റ് ഗാർഡും, ഫിഷറീസ്, പോർട്ട് വകുപ്പുകളും സംയുക്തമായി സ്ഥല പരിശോധന നടത്തി

LIBRARY ARCHIVES Kerala Legislative Assembly